# 13 -ാം കേരള നിയമസഭ

## എട്ടാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 570, 19.03.2013 - ലെ മറുപടിക്ക്

ചോദ്യം

ഉത്തരം

ശ്രീ. വി. ശശി

ശ്രീ. കെ.എം.മാണി
ബഹുമാനപ്പെട്ട ധനകാര്യ വകുപ്പ് മന്ത്രി

| നമ്പർ | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | പൊതുമരാമത്ത് വകുപ്പ്, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ മുതലായവ മരാമത്ത് പണികൾ ടെണ്ടർ ചെയ്ത് കൊടുക്കുമ്പോൾ എസ്റ്റിമേറ്റിൽ കോൺട്രാക്ടർക്കുള്ള ലാഭം ഉൾപ്പെടുത്താറുണ്ടോ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | പൊതുമരാമത്ത് വകുപ്പ്, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ മുതലായവ ടെണ്ടർ ചെയ്യുന്ന പ്രവൃത്തികൾക്ക് എസ്റ്റിമേറ്റിൽ കോൺട്രാക്ടർക്കുള്ള ലാഭം ഉൾപ്പെടുത്തുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| (ബി) | എം.പി.ഫണ്ടിലുള്ള മരാമത്ത് പണികൾ ടെണ്ടർ ചെയ്ത് കൊടുക്കുമ്പോൾ എസ്റ്റിമേറ്റിൽ കോൺട്രാക്ടർക്കുള്ള ലാഭം ഉൾപ്പെടുത്താറുണ്ടോ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എം.പി.ഫണ്ടിലുള്ള മരാമത്ത് പണികൾ ടെണ്ടർ ചെയ്ത് കൊടുക്കുമ്പോൾ എസ്റ്റിമേറ്റിൽ കോൺട്രാക്ടർക്കുള്ള ലാഭം ഉൾപ്പെടുത്തുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| (സി) | എം.എൽ.എ മാരുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും മരാമത്ത് പണികൾ ടെണ്ടർ ചെയ്ത് കൊടുക്കുമ്പോൾ എസ്റ്റിമേറ്റിൽ കോൺട്രാക്ടർക്കുള്ള ലാഭം ഉൾപ്പെടുത്തേണ്ടായെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; എന്തു കൊണ്ടാണ് ഇത്തരത്തിൽ നിർദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | എം.എൽ.എ ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തി നിർവഹണം സർക്കാരിന്റെ വ്യവസ്ഥാപിത നടപടി ക്രമങ്ങൾക്കും, ഇത് സംബന്ധിച്ച് ധനകാര്യവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായുമാണ് നടപ്പാക്കേണ്ടത്. സാധാരണ ഗതിയിൽ ഗുണഭോക്തൃ സമിതികൾ മുഖേനയാണ് എം.എൽ.എ, എസ്.ഡി.എഫിലെ പണികൾ ചെയ്യേണ്ടത് . പ്രവൃത്തി നിർവഹണം പ്രൈവറ്റ് കോൺട്രാക്ടർമാരെ ഏൽപ്പിക്കുന്നതും കോൺട്രാക്ടർമാർക്ക് ഏതെങ്കിലും തരത്തിലുള്ള അഡ്വാൻസ് നൽകുന്നതും ചട്ടപ്രകാരം അനുവദനീയമല്ല. |

സെക്ഷൻ ഓഫീസർ